"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ -സ്കൂൾ അധ്യാപകരെ മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്നതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.6182/2022/GEDN തീയതി,തിരുവനന്തപുരം, 27-10-2022

---

പരാമർശം:-
1. 1. G.O (Rt) No.4518/2001/Gl.Edn dated 07.12.2001.
2. സ.ഉ(സാധാ)നം.793/2013/പൊ.വി തീയതി 19.02.2013.
3. G.O (Rt) No.2088/2017/G.Edn dated 29.06.2017.
4. കൈറ്റ് സി.ഇ.ഒ-യുടെ 26.10.2022-ലെ കൈറ്റ്/2022/1235(17)നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഐടി/ഐടി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പാക്കാൻ സൂചന 1 ഉത്തരവിൽ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ ആവശ്യത്തിനായി പുതുതായി തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ള അധ്യാപകരെ തിരഞ്ഞെടുത്ത് മാസ്റ്റർ ട്രെയിനർമാരായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയോഗിച്ചുകൊണ്ട് സമയാസമയങ്ങളിൽ നടപടി ഉത്തരവ് പുറപ്പെടുവിച്ചു വരുന്നതായും സൂചന 2 പ്രകാരം എയിഡഡ് അധ്യാപകരേയും ഇപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതായും സൂചന 3 പ്രകാരം ഐടി@സ്കൂൾ പ്രോജക്ടിന്റെ മുഴുവൻ മാനവശേഷിയും കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ലേക്ക് മാറ്റിയതായും ചൂണ്ടിക്കാണിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ഒരു പുതിയ ഉത്തരവുണ്ടാകണമെന്ന് സൂചന 4 പ്രകാരം കൈറ്റ് സി.ഇ.ഒ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1 മുതൽ 12 വരെയുള്ള സർക്കാർ-എയിഡഡ് സ്കൂളുകളിലെ അധ്യാപകരെ കൈറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങളോടെ ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. കൈറ്റ് ശുപാർശ ചെയ്യുന്ന അധ്യാപകരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കാവുന്നതാണ്.
2. പരമാവധി 228 അധ്യാപകരെ (സംസ്ഥാനതലത്തിൽ പത്തും റവന്യൂ ജില്ലാതലം, വിദ്യാഭ്യാസ ജില്ലാതലം, വിദ്യാഭ്യാസ ഉപജില്ലാതലം ഓരോന്നു വീതവും) മാത്രമേ ഇപ്രകാരം നിയോഗിക്കാൻ പാടുള്ളൂ.
3. മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന അധ്യാപകർക്ക് പകരം പ്രൊട്ടക്റ്റഡ് അധ്യാപകരെ കഴിയുന്നത്ര സ്കൂളുകളിൽ വിന്യസിക്കേണ്ടതാണ്. പ്രൊട്ടക്റ്റഡ് അധ്യാപകരെ ലഭിക്കാത്ത അവസരങ്ങളിൽ സ്കൂളുകൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയോഗിക്കാവുന്നതും ഇതിനുള്ള വേതനം കൈറ്റ് സ്കൂളുകൾക്ക് നൽകേണ്ടതുമാണ്.
4. എയ്ഡഡ് മേഖലയിൽ നിന്നും അധ്യാപകരെ നിയോഗിക്കുമ്പോൾ മാനേജരുടെ നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്.
5. നിയോഗിക്കുന്ന മാസ്റ്റർ ട്രെയിനർമാർക്ക് സമയാസമയങ്ങളിൽ ചുമതലകൾ കൈറ്റ് സി.ഇ.ഒ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്

സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 28-10-2022 10:41:17**

സെക്ഷൻ ഓഫീസർ